# 3 യോഹന്നാൻ

1മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹി
ക്കുന്ന പ്രിയ ഗായൊസിന് എഴുതുന്നത്:
2പ്രിയനേ, നിന്റെ ആത്മാവു ക്ഷേമമായിരി
ക്കുന്നതുപോലെ നീ എല്ലാക്കാര്യങ്ങളിലും
ക്ഷേമവും ആരോഗ്യവുമുള്ളവനായിരിക്കണ
മെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. 3ചില സഹോ
ദരന്മാർ വന്ന് നീ സത്യത്തിൽ നടക്കുന്നുവെന്നു
നിന്നിലുള്ള സത്യത്തെപ്പറ്റി സാക്ഷ്യം പറഞ്ഞ
പ്പോൾ ഞാൻ ഏറ്റവുമധികം സന്തോഷിച്ചു.
4എന്റെ മക്കൾ സത്യത്തിൽ നടക്കുന്നുവെന്നു
കേൾക്കുന്നതിലധികം സന്തോഷം
എനിക്കു വേറെയില്ല.
5പ്രിയനേ, അപരിചിതരാണെങ്കിൽപോലും
സഹോദരർക്കുവേണ്ടി നീ അധ്വാനിക്കുന്നതി
ലൊക്കെയും വിശ്വസ്തനായിരിക്കുന്നു. 6അവർ
നിന്റെ സ്നേഹത്തെപ്പറ്റി സഭയുടെ മുമ്പാകെ
സാക്ഷ്യം പറഞ്ഞിരിക്കുന്നു. നീ അവരെ
ദൈവത്തിനു യോഗ്യമാംവിധം യാത്രയാ
ക്കുന്നതു നന്നായിരിക്കും. 7വിജാതീയരിൽനിന്ന്
ഒരു സഹായവും വാങ്ങാതെ അവർ യാത്ര പുറ
പ്പെട്ടത് തിരുനാമംനിമിത്തം ആയിരുന്നുവല്ലോ.
8സത്യത്തിനു സഹപ്രവർത്തകരാകേണ്ടതിനു
നാം ഇങ്ങനെയുള്ളവരെ സ്വീകരിച്ചു സൽക്ക
രിക്കേണം.
9സഭയ്ക്കു ഞാൻ ചില കാര്യങ്ങൾ എഴുതി
യിരുന്നു. എന്നാൽ അവരിൽ ഒന്നാമനാകാൻ
ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ
അംഗീകരിക്കുന്നില്ല. 10അതുകൊണ്ടു ഞാൻ
വന്നാൽ, ഞങ്ങളെപ്പറ്റി ദൂഷണം പറയുന്ന
അയാളുടെ പ്രവൃത്തി അയാളുടെ ശ്രദ്ധയിൽ
പ്പെടുത്തും. അയാൾ ആ പ്രവൃത്തികൊണ്ടും
തൃപ്തനാകാതെ സഹോദരന്മാരെ സ്വീകരിക്കു
വാൻ വിസമ്മതിക്കുകയും, അതിനു താല്പര്യ
പ്പെടുന്നവരെ തടയുകയും സഭയിൽ നിന്നു
പുറത്താക്കുകയും ചെയ്യുന്നു.
11പ്രിയനേ, നന്മയല്ലാതെ തിന്മ അനുകരി
ക്കരുത്. നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നു
ള്ളവൻ; തിന്മ ചെയ്യുന്നവനോ ദൈവത്തെ
കണ്ടിട്ടില്ല. 12ദെമേത്രിയൊസിന് എല്ലാവരാ
ലും, സത്യത്താൽ തന്നെയും സാക്ഷ്യം ലഭിച്ചി
ട്ടുണ്ട്; ഞങ്ങളും സാക്ഷ്യം പറയുന്നു. ഞങ്ങളു
ടെ സാക്ഷ്യം സത്യമെന്നു നിനക്കറിയാമല്ലോ.
13എനിക്കു വളരെയധികം എഴുതുവാനുണ്ട്;
എന്നാൽ മഷിയും പേനയും കൊണ്ടു നിനക്കെഴു
തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 14ഉടനേ
നിന്നെ കാണാമെന്നു ഞാൻ ആശിക്കുന്നു.
അപ്പോൾ നമുക്ക് അഭിമുഖമായി സംസാരിക്കാം.
നിനക്കു സമാധാനം. സ്നേഹിതർ നിന്നെ
അഭിവാദനം ചെയ്യുന്നു. സ്നേഹിതരെ ആളാം
പ്രതി അഭിവാദനം അറിയിക്കുക.